**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1465** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>കെ - റെയിൽ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്ത് കെ - റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൂർണ്ണമായും അവസാനിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കേരള സർക്കാർ സിൽവർലൈൻ (സെമി ഹൈസ്പീഡ് റെയിൽ) പദ്ധതി മുന്നോട്ടുകൊണ്ടുപോകേണ്ടതില്ലെന്ന് തീരുമാനിക്കുകയും പദ്ധതിയുമായി ബന്ധപ്പെട്ട് നൽകിയിരുന്ന ഭരണാനുമതികളും ഭൂമി ഏറ്റെടുക്കൽ, സാമൂഹിക പ്രത്യാഘാത പഠനം എന്നിവയ്ക്കുള്ള അനുമതികളും റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി പദ്ധതിയുമായി ബന്ധപ്പെട്ട തുടർനടപടികളും അവസാനിപ്പിച്ചിട്ടുണ്ട്.

**(ബി)** പദ്ധതിയുമായി ബന്ധപ്പെട്ട് അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുള്ള ഭൂമിയിൽ കല്ലുകൾ നീക്കം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാന സർക്കാർ സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ (സിൽവർലൈൻ) പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനും സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനുമായി മുൻപ് നൽകിയിരുന്ന അനുമതികൾ റദ്ദാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി, 1961-ലെ കേരള സർവേ ആൻഡ് ബൗണ്ടറീസ് ആക്ടിലെ വകുപ്പ് 6(1) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ ബന്ധപ്പെട്ട ജില്ലാകളക്ടർമാർ റദ്ദ് ചെയ്യുന്നതിനും, പദ്ധതിക്കായി ഏറ്റെടുക്കാൻ ഉദ്ദേശിച്ചിരുന്ന ഭൂമിയിൽ സ്ഥാപിച്ചിരുന്ന അതിരടയാളങ്ങൾ നീക്കം ചെയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും നിർദ്ദദേശം നൽകിയിട്ടുണ്ട്. കൂടാതെ, സ്വീകരിച്ച നടപടികളുടെ വിവരം സമയബന്ധിതമായി സർക്കാരിനെ അറിയിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**(സി)** കെ -റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട ഓഫീസ് നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ടോ; എങ്കിൽ ഏതെല്ലാം തലത്തിലുള്ള എത്ര ഉദ്യോഗസ്ഥരാണ് ഇവിടെ സേവനം അനുഷ്ഠിക്കുന്നത്; പദ്ധതിയുടെ പ്രവർത്തനത്തിനായി എത്ര വാഹനങ്ങൾ ഉപയോഗിച്ച് വരുന്നുണ്ട്; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** വിവരം ശേഖരിച്ചു വരുന്നു.

**(ഡി)** ഇതിന്റെ ഓഫീസ് പ്രവർത്തനം പൂർണ്ണമായി അവസാനിപ്പിച്ചിട്ടില്ലെങ്കിൽ എന്നത്തേക്ക് അവസാനിപ്പിക്കാൻ കഴിയും എന്നാണ് കരുതുന്നത്;

<u>**മറുപടി:**</u> മുൻ ഖണ്ഡികയിലെ ഉത്തരം

**(ഇ)** കെ-റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>**മറുപടി:**</u> കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ) ന്റെ ആഡിറ്റഡ് ആൻഡ് അക്കൗണ്ട്സ് സ്റ്റേറ്റ്മെന്റ് പ്രകാരം 56.36കോടി രൂപ സിൽവർലൈൻ പദ്ധതിക്കായി ചിലവായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**